# ലാസ്റ്റ് എപ്പിസോഡ്

അജിത് കെ.സി

**പുലർകാലത്തിന്റെ മഞ്ഞുവീണ**
കരിയിലകളെ തൂത്ത് കൂട്ടി
ഈർക്കിൽ ചൂലുമായി,
ശാന്ത

നഗരം ഉറക്കത്തിൽ തുപ്പിയ
പ്ളാസ്റ്റിക് കുപ്പികൾ
ഓറഞ്ച് തൊലികൾ
കരിമ്പിൻ ചണ്ടികൾ,
തെരുവുവിളക്കിന്റെ ചോട്ടിൽ
ഉടഞ്ഞ ബൾബും
കൂർത്ത ചെരുപ്പും
സ്കൂൾ യൂണിഫോമിന്റെ
കീറിയ കൈകളും
ഒരു ചുവന്ന റിബണും

ആഘോഷരാത്രിയിൽ
നഗരം വിതറിയ വർണ്ണങ്ങളിൽ
ഒന്നു മാത്രം നനഞ്ഞു കിടപ്പുണ്ട്,
മണ്ണിൻ ചോപ്പിൽ കുത്തിത്തറഞ്ഞ്
ഒരു ബിയർ കുപ്പി

മഴപ്പാറ്റകൾ പൊഴിച്ചിട്ട
വെള്ളിത്തൂവലുകൾ
ഉയർത്തി ചോനനുകളുടെ
മൂർദാബാദ് വിളികൾ,
തെരുവുബാലന്റെ
കൈയിൽ ജലപീരങ്കി

ന്യായപീഠത്തിനു പിന്നിൽ
കുമ്പസാരക്കൂട്ടിൽ സമയം...

ലാസ്റ്റ് എപ്പിസോഡിനു
സൂം ഇൻ ചെയ്ത ക്യാമറയിൽ
ഇനി എത്തേണ്ടത്,
ശാന്ത വരയ്ക്കുന്ന
അർദ്ധവൃത്തങ്ങളും
ഭൂമി വിട്ടു പറന്ന
ഹൈഡ്രജൻ ബലൂണുകളും!



# ‘ഹരണം’

അമീർ പരീത്

**കണക്ക് ക്ലാസ്സിലെ**
മിടുക്കനായ കുട്ടി
ഗുണന ചിഹ്നത്തെ
ഹാനികരത്തിൽ പെടുത്തി
പെരുക്കലിനെ വെറുത്തു...
ഹരണത്തെ സ്നേഹിച്ച്
ഛേദങ്ങളുമായ് കളിച്ചു...
ചെറു ഛേദങ്ങളാൽ
വലിയവയെ വെട്ടിയൊതുക്കി...
ശിഷ്ടമില്ലാത്ത ഹരണത്തെ
പ്രണയിച്ച് വളർന്ന
ആദ്യ രാത്രിയിൽ
കിന്നാരങ്ങൾക്കിടയിൽ
ഗർഭ പാത്രം നീക്കം ചെയ്യാൻ
കരാറ് വെച്ചു...
ഭരണാധികാരിയായപ്പോൾ
ശിഷ്ടം കിളിർക്കുമെന്ന
ശങ്കയിൽ
എതിർക്കുന്നവരുടെ
വേരുകൾ പിഴുതു മാറ്റുന്നു.
●